"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ്- പത്തനംതിട്ട, ഇടുക്കി, വയനാട് ജില്ലകളിലെ കേരള ചുമട്ടുതൊഴിലാളി നിയമപ്രകാരമുള്ള അപ്പീൽ അധികാരികളെ നിശ്ചയിച്ച് ഉത്തരവാകുന്നു.

---

**തൊഴിലും നൈപുണ്യവും (എച്ച് ) വകുപ്പ്**

സ.ഉ.(സാധാ) നം.285/2025/LBR തീയതി,തിരുവനന്തപുരം, 01-03-2025

---

പരാമർശം:- ലേബർ കമ്മീഷണറുടെ 20 /01 /2025 തീയതിയിലെ LCO 6086/ 2022 EN (1) നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട, ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ ഒരോ ജില്ലാ ലേബർ ഓഫീസർ തസ്തിക വീതം മാത്രമേയുള്ളുവെന്നതിനാൽ ഒരേ ഓഫീസർ തന്നെ കേരള ചുമട്ടുതൊഴിലാളി നിയമപ്രകാരമുള്ള അപ്പീൽ അധികാരിയായും ചുമട്ടുതൊഴിലാളി ബോർഡിന്റെ ഭാഗം പറയുന്നതിനുള്ള എതിർകക്ഷിയായും പ്രവർത്തിക്കുന്നത് ഉചിതമല്ലെന്നും ആയത് തർക്കങ്ങൾ ഉളവാക്കും എന്നതിനാൽ പ്രസ്തുത ജില്ലകളിലെ അപ്പലേറ്റ് അതോറിറ്റിയായി തൊട്ടടുത്ത ജില്ലകളിലെ ജില്ലാ ലേബർ ഓഫീസർമാരെ നിയോഗിക്കണമെന്ന് പരാമർശപ്രകാരം ലേബർ കമ്മീഷണർ ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ മേൽ ശിപാർശ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ചുമട്ടുതൊഴിലാളി നിയമപ്രകാരമുള്ള അപ്പീൽ അധികാരിയായി പത്തനംതിട്ട ജില്ലയിൽ കൊല്ലം ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-നെയും ഇടുക്കി ജില്ലയിൽ കോട്ടയം ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-നെയും വയനാട് ജില്ലയിൽ കോഴിക്കോട് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-നെയും നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DEEPA G NAIR

ഡെപ്യൂട്ടി സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

ഡയറക്ടർ,ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sareesh K

Date: 01-03-2025 18:18:17

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
സെക്രട്ടറിയുടെ പി.എ-യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്